പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 557 — 29.10.2019 ൽ മറുപടിക്ക്

**ലാഭത്തിലാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ**

ചോദ്യം
ശ്രീ.എ. എൻ. ഷംസീർ

മറുപടി
ശ്രീ.ഇ.പി.ജയരാജൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | |
|---|---|
| നഷ്ടത്തിലായിരുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഈ സർക്കാർ ലാഭത്തിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | നഷ്ടത്തിലായിരുന്ന 6 പൊതുമേഖലാ സ്ഥാപനങ്ങളെ ഈ സർക്കാർ ലാഭത്തിലാക്കിയിട്ടുണ്ട്. അവ<br>1. കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ്<br>2. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്<br>3. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്<br>4. ട്രാൻസ്ഫോമേഴ്സ് ആൻറ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്<br>5. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡ്<br>6. കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സ് ലിമിറ്റഡ്<br><br>സർക്കാർ തലത്തിലും റിയാബ് മുഖേനയും പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ പ്രവർത്തന അവലോകനത്തിൻെറ അടിസ്ഥാനത്തിൽ ഉൽപ്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിക്കൊണ്ട് ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനും നവീകരിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ